സ്വാമി വിവേകാനന്ദ ജയന്തി ആഘോഷം

കൊച്ചി: ഭാരത് വികാസ് പരിഷത്ത് കേരളയുടെ ആഭിമുഖ്യത്തിൽ 163 മത് വിവേകാനന്ദ ജയന്തി ആഘോഷം നടന്നു. ഭാരതത്തിന്റെ ആത്മീയ ദർശനം ലോകത്തിന് മുന്നിൽ കാഴ്ചവെയ്ക്കുകയും അത് വിശ്വ പ്രേമത്തിനായി സമർപ്പിക്കുകയും ചെയ്തു എന്ന് എറണാകുളം ചിൽഡ്രൻസ് പാർക്കിലെ വിവേകാനന്ദ സ്ക്വയറിലെ നടന്ന ചടങ്ങ് ഉൽഘാടനം ചെയ്ത് ഭാരത് വികാസ് പരിഷത്ത് റീജ്യണൽ പ്രസിഡന്റ് രാജൻ വല്യത്താൻ അഭിപ്രായപ്പെട്ടു.

ഭാരത് വികാസ് പരിഷത്ത് കേരളയുടെ ആഭിമുഖ്യത്തിൽ എറണാകുളം. ചിൽഡ്രൻസ് പാർക്കിലെ വിവേകാനന്ദ സ്ക്വയറിൽ നടന്ന 163 മത് വിവേകാനന്ദ ജയന്തി ആഘോഷം.

ആർ.എസ്.എസ് പ്രാന്ത പ്രചാർ പ്രമുഖ് എം. ഗണേശൻ വിവേകാനന്ദ ദർശനം സന്ദേശം നൽകി. കൊച്ചിൻ കോർപ്പറേഷൻ കൗൺസിലർമാരായ കെ.പി.പി. കൃഷ്ണകുമാർ, സുധാ ദിലീപ് , എന്നിവർ ചേർന്ന് വിവേകാനന്ദ പ്രതിമയിൽ പുഷ്പാർച്ചന നടത്തി. കലൂർ ശ്രീരാമൃഷ്ണാശ്രമം ട്രസ്റ്റി സി.ജി. രാജഗോപാൽ, ഭാരത് വികാസ് പരിഷത്ത് ഭാരവാഹികളായ ഡോ. കിഷോർ കെ. മുരളീധരൻ, ടി.കെ. അശോക് കുമാർ, പി.വി. അതികായൻ, അഡ്വ. ഗോപിനാഥൻ, ലളിതാ പിതാംബരൻ, ഡോ. സവിതാ പ്രഭാകർ , വിനോദ് നന്ദനം, ഡോ. ഹരീഷ്കുമാർ, മനോജ് വിശ്വനാഥൻ, രേഖ പ്രഭു, സിന്ധു രവി, കെ.രാമചന്ദ്രൻ, മോഹനൻ നായർ എന്നിവർ സംസാരിച്ചു. ചടങ്ങിൽ സരസ്വതി വിദ്യാനികേതൻ കലൂർ വിദ്യാർത്ഥികൾ വന്ദേമാതരം ഗാനാലാപനം നടത്തി, വിദ്യാർഥികൾക്ക് സമ്മാനദാനം വിശിഷ്ടാതിഥികൾ ചേർന്ന് നൽകി. ദേശീയ ഗാനാലാപനത്തോട് ചടങ്ങ് അവസാനിച്ചു.

ലക്ഷദ്വീപ് മത്സ്യമേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് കർമപദ്ധതി

കൊച്ചി: ലക്ഷദ്വീപിലെ മത്സ്യമേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതുൾപ്പെടെയുള്ള കർമപദ്ധതിയുമായി ദ്വീപ് ഭരണകൂടം. ഫിഷറീസ്-സമുദ്രകൃഷി രംഗത്ത് സാങ്കേതിക മുന്നേറ്റം, സംരംഭകത്വം, നിക്ഷേപം, ചൂര-കടൽപായൽ വിപണിശൃംഖല തുടങ്ങിയവ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് ലക്ഷദ്വീപ് ഫിഷറീസ് സെക്രട്ടറി രാജ് തിലക് പറഞ്ഞു. കവരത്തിയിൽ സിഎംഎഫ്ആർഐയുടെ ലക്ഷദ്വീപ് കൃഷി വിജ്ഞാന കേന്ദ്രം ഫിഷറീസ് വകുപ്പുമായി സഹകരിച്ച് സംഘടിപ്പിക്കുന്ന മത്സ്യമേളയോടനുബന്ധിച്ച് നടന്ന ഗുണഭോക്തൃ ശിൽപശാലയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ആഗോള വിപണിയിൽ ഏറെ ആവശ്യക്കാരുള്ള ലക്ഷദ്വീപ് ചൂര (ട്യൂണ), കടൽപായൽ എന്നിവയുടെ മൂല്യവർധിത ഉൽപന്നങ്ങളുടെ വിപണി ശക്തിപ്പെടുത്താനും സ്റ്റാർട്ടപ്, സംരംഭകത്വ സംരംഭങ്ങൾ ശക്തിപ്പെടുത്താനും നടപടികളുണ്ടാകും. ആവശ്യമായ മേഖകളിൽ നിക്ഷേപം ആകർഷിക്കും. അലങ്കാര മത്സ്യകൃഷി, വിപണനം, കടൽ കൂടുകൃഷി തുടങ്ങിയവ കൂടുതൽ ജനകീയമാക്കും. യുവജനങ്ങൾക്കും സത്രീകൾക്കും മുൻഗണന നൽകിയുള്ള സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കും.

സ്വകാര്യ പങ്കാളിത്തത്തോടെ ദീപ് ബ്ലൂ ഇക്കോണമി സാധ്യതകൾ പ്രയോജനപ്പെടുത്തും. കോൾഡ് സ്റ്റോറേജ്, ഫീഡ് നിർമ്മാണ യൂണിറ്റുകൾ, ഹാച്ചറികൾ എന്നിവ സ്ഥാപിക്കുന്നതിനൊപ്പം 'ലക്ഷദ്വീപ് പ്രീമിയം സീഫുഡ്' എന്ന ബ്രാൻഡിൽ ഉൽപ്പന്നങ്ങൾ ആഗോള വിപണിയിലെത്തിക്കും- സെക്രട്ടറി പറഞ്ഞു. കഴിഞ്ഞ ഡിസംബറിൽ നടന്ന നിക്ഷേപക സംഗമത്തിൽ 500 കോടിയിലധികം രൂപയുടെ നിക്ഷേപ വാഗ്ദാനങ്ങൾ ലഭിച്ചിരുന്നു. പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന പ്രകാരമുള്ള സാമ്പത്തിക സഹായങ്ങളും ഈ പദ്ധതികൾക്കായി ഉപയോഗപ്പെടുത്തും.

സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ്, ലക്ഷദ്വീപ് ഫിഷറീസ് ഡയറക്ടർ കെ ബുസാർ ജംഹർ, ലക്ഷദ്വീപ് കെവികെ മേധാവി ഡോ പി എൻ ആനന്ദ് തുടങ്ങിയവർ ചർച്ചകൾക്ക് നേതൃത്വം നൽകി.

എസ്ഐആർ - വോട്ടേഴ്സ് ലിസ്റ്റ് പരിഷ്കരണം, അതീവ ഗൗരവകരമെന്ന് ഹൈബി ഈഡൻ

കൊച്ചി: എസ് ഐ ആർ പ്രകാരമുള്ള വോട്ടേഴ്സ് ലിസ്റ്റ് പരിഷ്കരണം അതീവ ഗൗരവകരമായ കാര്യമാണെന്ന് കെ പി സി സി വൈസ് പ്രസിഡന്റ് ഹൈബി ഈഡൻ എം പി. എസ് ഐ ആർ നടപടിക്രമവുമായി ബന്ധപ്പെട്ട് നിരവധി വീഴ്ചകളാണ് ഇലക്ഷൻ കമ്മീഷന്റെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട വിഷയങ്ങൾ അടിയന്തിര പ്രാധാന്യത്തോടെ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് ചീഫ് ഇലക്ഷൻ കമ്മീഷണർക്ക് കത്ത് നൽകിയതായി ഹൈബി ഈഡൻ പറഞ്ഞു. പലയിടങ്ങളിലും ബി എൽ ഒ മാർ സജീവമായി ഈ പ്രക്രിയയിൽ പങ്കെടുത്തതായി കാണുന്നില്ല.

നിലവിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന എ എസ് ഡി ലിസ്റ്റിൽ ഒട്ടനവധി ആക്ഷേപങ്ങളുണ്ട്. ബി എൽ ഒ മാർ വീടുകളിലെത്തുമ്പോൾ വീടുകളില്ലാതിരുന്നവർ പോലും കരട് പട്ടികയിൽ നിന്ന് ഒഴിവായതായിട്ടാണ് കാണുന്നത്. 322422 നിലവിൽ എറണാകുളം ജില്ലയിൽ മാത്രം എ എസ് ഡി ലിസ്റ്റിലുള്ളത്.ഈ ലിസ്റ്റിലെ അപാകതകൾ പരിഹരിച്ചില്ലെങ്കിൽ തികച്ചും അർഹരായ കുറെയധികം പേർക്ക് വോട്ടവകാശം നഷ്ടമാകും. പേരിലെ ചെറിയ അക്ഷരത്തെറ്റ് പോലും ലോജിക്കൽ ഡിസ്ക്രീപൻസി (യുക്തിപരമായ പൊരുത്തക്കേട്) എന്ന വിഭാഗത്തിലേക്ക് മാറ്റി വോട്ടർ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. നിലവിൽ ജില്ലയിൽ 282718 പേരാണ് ഈ വിഭാഗത്തിൽ പെടുന്നത്. ബി എൽ ഒ യ്ക്ക് ആദ്യ ലെവലിൽ തന്നെ വളരെ ലഘുവായി പരിഹരിക്കാവുന്ന വിഷയത്തെ കൂടുതൽ സങ്കീർണ്ണമാക്കിയിരിക്കുകയാണ്. നോ മാപ്പിങ് വിഭാഗത്തിൽ ജില്ലയിൽ ഉള്ളത് 206061 പേരാണ്.ഇതെല്ലാം ഒരു വലിയ സംഖ്യയാണ്. തിരഞ്ഞെടുപ്പ് നടപടി ക്രമങ്ങളെ അട്ടിമറിക്കുന്ന തരത്തിലുള്ള നിലപാടുകളാണ് നിലവിൽ കമ്മീഷന്റെ ഭാഗത്ത് നിന്നുണ്ടായിട്ടുള്ളത്.

ഫോം 6 പ്രകാരം പുതിയ വോട്ടുകൾ ചേർക്കുന്നതിന് ഓൺലൈനായി ഏകദേശം 20 മിനിറ്റോളം ഒരു വോട്ടിനു വേണ്ടി വരികയാണ്. പുതിയ വോട്ടുകൾ ചേർക്കുന്നതിനും ഷിഫ്റ്റ് ചെയ്യുന്നതിനുമുള്ള അപേക്ഷകൾ ബി എൽ ഒ മാർ കൈപ്പറ്റി തുടർ നടപടികൾ സ്വീകരിക്കണമെന്ന് ഹൈബി ഈഡൻ എം പി പറഞ്ഞു.

നിലവിൽ എസ് ഐ ആറിന്റെ പേര് പറഞ്ഞു ബി എൽ ഒ മാർ അതിൽ നിന്നും ഒഴിഞ്ഞു നിൽക്കുകയാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഈ നടപടിക്രമങ്ങളെല്ലാം പൂർത്തീകരിക്കുന്നതിന് അനുവദിച്ചിരിക്കുന്ന അവസാന തീയതി ജനുവരി 22 ആണ്. ഈ സമയപരിധിക്കുള്ളിൽ ഈ പ്രക്രിയ പൂർത്തീകരിക്കുക ഏറെ ബുദ്ധിമുട്ടാണ്. അതിനാൽ ഇതിന് വേണ്ടി കൂടുതൽ സമയം അനുവദിക്കണമെന്ന് എം പി പറഞ്ഞു. പൊതുജനങ്ങൾ ഈ പ്രക്രിയയെ നിസാരവത്ക്കരിക്കരുതെന്ന് ഹൈബി ഈഡൻ എം പി അഭ്യർത്ഥിച്ചു.

കൊച്ചിയിൽ വലവിരിച്ച് യുപിഐ കള്ളന്മാർ

കൊച്ചി: സാധനങ്ങൾ വാങ്ങിയ ശേഷം യുപിഐ പെയ്മെന്റിന്റെ മറവിൽ വ്യാപാരികളെ കബളിപ്പിക്കുന്ന സംഘം എറണാകുളത്തെ വിവിധയിടങ്ങളിൽ സജീവമായി. ഹെൽമെറ്റും മാസ്കും ധരിച്ച് ബൈക്കിലെത്തുന്ന സംഘങ്ങളാണ് ഗൂഗിൾ പേ തട്ടിപ്പിന് പിന്നിൽ.

സാധനങ്ങൾ വാങ്ങിയ ശേഷം വ്യാജ ടിക് മാർക്ക് കാണിച്ചാണ് ഇവർ വ്യാപാരികളെ കബളിപ്പിക്കുന്നത്. സാധനങ്ങൾ വാങ്ങി ഗൂഗിൾ പേയിൽ നിന്ന് പണം പോയതിന്റെ ശബ്ദവും 'ടിക്' മാർക്കും കാണിച്ച് ഞൊടിയിടയിൽ മുങ്ങുകയാണ് സംഘം ചെയ്യുന്നത്. പെൺകുട്ടികൾ അടങ്ങുന്ന സംഘവും ഇത്തരം തട്ടിപ്പുകളുടെ ഭാഗമാകുന്നുണ്ട്.

വടക്കൻ പറവൂരിലാണ് ഇത്തരത്തിലുള്ള സംഘം വ്യാപകമായത്. ഇത്തരം സംഭവങ്ങൾ ഏറി വന്നതോടെ പൊലീസിനെ സമീപിച്ചിരിക്കുകയാണ് പറവൂരിലെ വ്യാപാരികൾ. ഇക്കഴിഞ്ഞ ഒക്ടോബർ 31നായിരുന്നു ആദ്യ സംഭവം. പറവൂർ ജങ്ഷനിലുള്ള തെക്കേനാരുവഴിയിൽ സ്പെയ്ര്പാർട്സ് കടയിലാണ് സംഘത്തിന്റെ തട്ടിപ്പ് ആദ്യം നടന്നത്. രണ്ടു യുവാക്കൾ ബൈക്കിലെത്തിയതായിരുന്നു തുടക്കം. ഒരാൾ ഹെൽമെറ്റും രണ്ടാമൻ മാസ്കും ധരിച്ചിരുന്നു. രണ്ടാമനാണ് കടയിൽ കയറി സാധനങ്ങൾ വാങ്ങിയത്. ഇങ്ങനെ 1680 രൂപയ്ക്കു സാധനങ്ങൾ വാങ്ങിയശേഷം ഗൂഗിൾ പേ വഴി പണം നൽകാമെന്നു വ്യക്തമാക്കി സ്കാൻ ചെയ്യാൻ ശ്രമിച്ചെങ്കിലും കാമറയ്ക്ക് എന്തോ പ്രശ്നമുണ്ടെന്ന് പറഞ്ഞ് അതു നടന്നില്ല. തുടർന്ന് മറ്റൊരു ഫോണിൽനിന്നു പണം അയയ്ക്കുകയും 'ടിക്' മാർക്ക് കാണിച്ച് നൊടിയിടയിൽ പോകാനും തുടങ്ങി.

എന്നാൽ കടയിലുണ്ടായിരുന്ന ഉടമയുടെ ബന്ധു പരിശോധിച്ചപ്പോൾ പണം എത്തിയിട്ടില്ല. ബൈക്കിനു പിന്നിലെത്തി ഇവരോട് കാര്യം പറഞ്ഞതോടെ പണം അയച്ചു എന്നായി യുവാക്കൾ. പണം അയച്ചതിന്റെ സ്ക്രീൻ ഷോട്ട് അയയ്ക്കാൻ ആവശ്യപ്പെട്ടപ്പോൾ കിട്ടിയത് മറ്റൊരു നമ്പരിൽ നിന്ന് ഒരു ടെക്സ്റ്റ് മെസേജ്. ഇത് വ്യാജമാണെന്ന് അപ്പോൾ തന്നെ മനസിലായെന്ന് കട ഉടമ പറയുന്നു. അടുത്തിടെ, രണ്ടു ചെറുപ്പക്കാർ ഇതേ കടയിൽ തന്നെ വീണ്ടുമെത്തിയത്.

അവർ 700 രൂപയ്ക്ക് സാധനങ്ങൾ വാങ്ങി പണം അയച്ചതായി ഏതോ ഒരു ആപ്പിന്റെ 'ടിക്' മാർക്ക് കാണിച്ചു. എന്നാൽ പണം ലഭിച്ചിട്ടില്ലെന്ന് കടയുടമ പറഞ്ഞതോടെ, തങ്ങൾ എടിഎമ്മിൽനിന്ന് പണമെടുത്തു വരാമെന്നു പറഞ്ഞ് സാധനങ്ങൾ കൊണ്ടുപോകാതെ ഇവർ പോവുകയായിരുന്നു. ഇതിനു പിന്നാലെയാണ് ഇക്കഴിഞ്ഞ വെള്ളിയാഴ്ച ഇതേ കടയുടെ തൊട്ടടുത്ത കടയിൽ നിന്ന് 1900 രൂപയുടെ ബാറ്ററി വാങ്ങി സമാന രീതിയിൽ തട്ടിപ്പ് നടത്തി കടന്നത്. പരാതിയും സിസി ടിവി ദൃശ്യങ്ങളുടമക്കം പരാതി നൽകി കാത്തിരിക്കുകയാണ് വ്യാപാരികൾ.

മകന്റെ ഭാര്യയെ വെട്ടിപ്പരിക്കേൽപ്പിച്ച വയോധികനെ അറസ്റ്റ് ചെയ്തു

പറവൂർ: മകന്റെ ഭാര്യയെ വെട്ടി പരിക്കേൽപ്പിച്ച സംഭവത്തിൽ കിഴക്കേപ്രം വെയർഹൗസിന് സമീപം പൊന്നേടത്ത് വീട്ടിൽ രാജനെ(74) പറവൂർ പൊലിസ് അറസ്റ്റ് ചെയ്തു. ഇയാളുടെ മകൻ ജിയേഷിന്റെ ഭാര്യ അനൂപ (34) കഴുത്തിന് പരിക്കേറ്റ് ചികിത്സയിലാണ്. തിങ്കൾ രാവിലെയാണ് സംഭവം.മുറിയിൽ ഫോണിൽ സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്ന അനൂപയെ ഇയാൾ മർദിക്കുകയും വാക്കത്തി കൊണ്ട് കഴുത്തിന് മുറിവേൽപ്പിക്കുകയുമായിരുന്നു. അനൂപയുടെ മുറിവ് ഗുരുതരമല്ല. ചെവിയുടെ ഭാഗത്തും മുഖത്തും മർദനമേറ്റിട്ടുണ്ട്. പരിക്കേറ്റ അനൂപയെ ഗവ.താലൂക്ക് ആശുപത്രിയിലെത്തിച്ച് ചികിത്സ നൽകി. സംഭവ സമയത്ത് അനൂപയുടെ ഭർത്താവ് ജിയേഷ് വീട്ടിലുണ്ടായിരുന്നു. അനൂപയും ജിയേഷും തമ്മിൽ പ്രശ്നങ്ങളുണ്ട്. കോടതി ഉത്തരവ് സമ്പാദിച്ചാണ് അനൂപ വീട്ടിൽ താമസിക്കുന്നത്.

ദേശീയ യുവജന ദിനാചരണം

കൊച്ചി: ഗ്രാമസ്വരാജ് ഫൗണ്ടേഷൻ സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സ്വാമി വിവേകാനന്ദജയന്തി ദിനാഘോഷം സംഘടിപ്പിച്ചു. ഗ്രാമസ്വരാജ് ഫൗണ്ടേഷൻ സംസ്ഥാന ചെയർമാൻ എം. എൻ. ഗിരി, അഭിലാഷ് തോപ്പിൽ, അയൂബ് മേലേടത്ത്, എന്നിവരുടെ നേതൃത്വത്തിൽ എറണാകുളത്തെ വിവേകാനന്ദ പ്രതിമയിൽ പുഷ്പാർച്ചന നടത്തി. തുടർന്ന് നടന്ന യുവജന സെമിനാർ അഡ്വ. അരുൾ മുരളീധരൻ ഉത്ഘാടനം ചെയ്തു. കുമാരി പ്രീത അധ്യക്ഷയായിരുന്നു.

സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാന്മാരെ തെരഞ്ഞെടുത്തു

കോതമംഗലം: കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാരെ തെരഞ്ഞെടുത്തു. വികസന സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാനായി റാണിക്കുട്ടി ജോർജിനെയും (കീരംപാറ ഡിവിഷൻ) ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാനായി പി.എം. ബേബി (കോട്ടപ്പടി ഡിവിഷൻ), ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാനായി ബിൻസി മോഹനനെയും (ഇടമലയാർ ഡിവിഷൻ) തെരഞ്ഞെടുത്തു. എൽ.ഡി.എഫ്. പ്രതിനിധികൾ നോമിനേഷൻ നൽകിയിരുന്നില്ല.

വിദ്യാർഥികൾ കോളെജിൽ ഒത്തുകൂടി

ചേർത്തല: മൂന്നു പതിറ്റാണ്ട് മുമ്പ് അധ്യയനം പൂർത്തിയാക്കി പിരിഞ്ഞ വിദ്യാർത്ഥികൾ കോളെജിൽ ഒത്തുകൂടി. ചേർത്തല സെന്റ് മൈക്കിൾസ് കോളെജിലെ 1993-96 ഇക്കണോമിക്സ് ബാച്ചിലെ 60 ഓളം വിദ്യാർത്ഥികളാണ് മുപ്പത് വർഷത്തിന് ശേഷം ഒത്തുകൂടിയത്.ചടങ്ങിൽ അവരെ പഠിപ്പിച്ച അധ്യാപകരും ഒത്തു ചേർന്നതോടെ പുനസമാഗമം വേറിട്ട അനുഭവമായി. ഓർമ്മകളിലെ പഴയ മുഖങ്ങളെല്ലാം പരിചയപ്പെടുത്തലിലൂടെ പുതുക്കുകയായിരുന്നു.

അധ്യാപകരും വകുപ്പ് മേധാവികളുമായിരുന്ന പ്രൊഫ. പോൾ പ്രസാദ്, പ്രൊഫ.ജോസഫ് മാത്തൻ, പ്രൊഫ.നിർമ്മല, ഹിസ്റ്ററി വിഭാഗം മേധാവിയായിരുന്ന പ്രൊഫ.സുശീല മാർഷൽ എന്നിവർ ചേർന്ന് കേക്ക് മുറിച്ച് സംഗമം ഉദ്ഘാടനം ചെയ്തു. മുഖ്യ കോ-ഓർഡിനേറ്റർ ഇ.കെ.ബീന അദ്ധ്യക്ഷത വഹിച്ചു ടി.എൽ.ജോൺ,എ.എ. ഫ്രാൻസിസ്,വി.എക്സ്.സെലസ്റ്റിൻ എന്നിവർ നേതൃത്വം നൽകി.അദ്ധ്യാപകരെ ചടങ്ങിൽ ആദരിച്ചു.തുടർന്ന് വിവിധ കലാപരിപാടികളും അരങ്ങേറി.

ചേർത്തല സെന്റ് മൈക്കിൾസ് കോളേജിലെ 1993-96 ഇക്കണോമിക്സ് ബാച്ചിന്റെ പുനസമാഗമം പ്രൊഫ.പോൾ പ്രസാദ്,പ്രൊഫ.ജോസഫ് മാത്തൻ,പ്രൊഫ.നിർമ്മല,പ്രൊഫ.സുശീല മാർഷൽ എന്നിവർ ചേർന്ന് കേക്ക് മുറിച്ച് ഉദ്ഘാടനം ചെയ്യുന്നു.

ലേഖന സമാഹാരം പ്രകാശനം ചെയ്തു

കോതമംഗലം: സഹകാരി എം. ജി. രാമകൃഷ്ണന്റെ മൂല്യവർധിത ഉദ്പാദനവും സഹകരണവും എന്ന ലേഖന സമാഹാരത്തിന്റെ പ്രകാശനം മുനിസിപ്പൽ ചെയർ പഴ്സൺ ഭാനുമതി രാജുവിന് ആദ്യ കോപ്പി നൽകി എഫ്.ഐ.ടി. ചെയർമാൻ ആർ. അനിൽകുമാർ നിർവഹിച്ചു. സുവർണരേഖയും മെന്റ ർ അക്കാഡമിയും സംഘടിപ്പിച്ച ചടങ്ങിൽ ബാബു ഇരുമല അധ്യ ക്ഷത വഹിച്ചു. പി.എം.പരീ ത്, ശ്രീനിവാസൻ അനുസ്മരണം നടത്തി. കെ.പി. ബാബു, സംഗീത പ്രതീഷ്, മനോജ് നാരായണൻ, സിജു പുന്നേക്കാട്, പി.ഐ. യൂസഫ്, എം.എസ്. എൽദോസ്, ഡോ. ജേക്കബ് ഇട്ടൂപ്പ്, ആശ ലില്ലി തോമസ്, കെ. പി. കുര്യാക്കോസ്, ജയകുമാർ കളരിക്കൽ, എം.ജി. രാമകൃഷ്ണൻ, ഓമന എൻ.സി. കാർത്തിക തുടങ്ങിയവർ പ്രസംഗിച്ചു.

എസ്പിസി പാസിങ് ഔട്ട് പരേഡ്

കോതമംഗലം: പല്ലാരിമംഗലം ഗവ. വൊക്കേഷനൽ ഹയർ സെക്കൻഡറി സ്കൂളിൽ സ്റ്റുഡന്റ് പൊലീസ് കെഡറ്റ് അഞ്ചാം പ്ലറ്റൂൺ പാസിങ് ഔട്ട് പരേഡ് നടത്തി. എസ്ഐ ജോഷി മാത്യു പതാക ഉയർത്തി. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജെസി സാജു സല്യൂട്ട് സ്വീകരിച്ചു. പഞ്ചായത്ത് പ്രസിഡന്റ് പി.കെ.മൊയ്തു, ജില്ലാ പഞ്ചായത്തംഗം ജോമി തെക്കേക്കര, ബ്ലോക്ക് പഞ്ചായത്തംഗം രാജേഷ് കുഞ്ഞുമോൻ, പഞ്ചായത്തംഗം നിസാമോൾ ഇസ്മായിൽ, പി ടിഎ പ്രസിഡന്റ് അലി അൽട്ടിമ, എസ്എംസി ചെയർമാൻ അലി കമ്മല എന്നിവർ പ്രസംഗിച്ചു.

ഇടുക്കി റോഡിൽ കാട്ടാന ആക്രമണം; കാറിൽ സഞ്ചരിച്ച കുടുംബം രക്ഷപ്പെട്ടത് തലനാരിഴയ്ക്ക്

കോതമംഗലം: നേര്യമംഗലം ഇടുക്കി റോഡിൽ കാട്ടാനയുടെ ആ ക്രമണത്തിൽ നിന്നും ഒരു കുടുംബം രക്ഷപ്പെട്ടത് തലനാരിഴക്ക്. ഇടുക്കി പൂപ്പാറയിൽ നിന്ന് കോലഞ്ചേരിയിലേക്ക് കുടുംബ സമേതം കാറിൽ പോകുമ്പോൾ നേര്യമംഗലം ഇടുക്കി റോ ഡിൽ ആഡിറ്റ് ഫോറിൽ വെച്ച് കാട്ടുകൊമ്പൻ ഇവരെ ആക്രമി ച്ചുവെങ്കിലും അത്ഭുതകരമായി രക്ഷപ്പെടുകയായിരുന്നു.

എസ്റ്റേറ്റ് പൂപ്പാറ സ്വദേശികളായ മാഞ്ചുതറ ചോലയിൽ മോഹനൻ മകൻ മനുവും ഭാര്യയും കൈക്കുഞ്ഞുങ്ങളുമായി കാറിൽ കോലഞ്ചേരി ആശുപത്രിയിൽ കഴിയുന്ന മാതാവിനെ സന്ദർശിക്കുവാൻ പോയതായിരുന്നു. സാവധാനത്തിൽ വരികയായിരുന്ന കാർ കാട്ടുകൊമ്പൻ തടഞ്ഞുനിർത്തി റോഡിന്റെ സംരക്ഷണഭിത്തിയിലേക്ക് തള്ളി മാറ്റി. കാറിന്റെ ഗ്ലാസ് പൂർണമായും തകർന്നു. സംരക്ഷണ ഭിത്തിയിൽ കാർ ഇടിച്ചു നിന്നില്ലായിരുന്നുവെങ്കിൽ വൻ അപകടം സംഭവിക്കുമായിരുന്നു. കാറിൽ ഉള്ളിലുള്ളവരുടെ കൂട്ടക്കരച്ചിൽ കേട്ടതുകൊണ്ടാകാം ഉപദ്രവത്തിൽ നിന്നും കാട്ടുകൊമ്പൻ പിന്മാറി.

കരിമണൽ സ്വദേശി ഓടിച്ചു വന്നിരുന്ന ബൈക്കും ആന കേടുവരുത്തി. ആനയെ കണ്ടപ്പോഴേക്കും ബൈക്ക് ഉപേക്ഷിച്ച് ഓടുകയായിരുന്നു.ഭയന്നുവിറച്ച് എല്ലാവരും സംസാരശേഷിയില്ലാതെ കാറിൽ റോഡ് വക്കിൽ കിടന്നപ്പോൾ അറിഞ്ഞു കേട്ട് അതുവഴി എത്തിയ നഗരംപാറ ഡെപ്യൂട്ടി റേഞ്ചർ, കരിമണൽ പൊലീസ് എന്നിവർ സ്ഥലത്ത് എത്തി ഇവരെ ഗവ. ആശുപത്രിയിൽ എത്തിച്ചു.

സമാന്തരപാലത്തിന്റെ നിർമാണം മെയ് അവസാനത്തോടുകൂടി പൂർത്തീകരിക്കും

കാലടി: കാലടിയിൽ പുതുതായി നിർമ്മിക്കുന്ന സമാന്തര പാലത്തിന്റെ നിർമാണം മെയ് അവസാനത്തോടുകൂടി പൂർത്തീകരിക്കുമെന്ന് എം.എൽ.എമാരായ റോജി എം. ജോൺ, എൽദോസ് കുന്നപ്പിള്ളി എന്നിവർ അറിയിച്ചു. പാലത്തിന്റെ നിർമാണ പുരോഗതി വിലയിരുത്താനായി എം.എൽ.എമാരുടെ നേതൃത്വത്തിൽ ജനപ്രതിനിധികളും, ഉദ്യോഗസ്ഥരും കരാറുകാരുമുൾപ്പെടെ സ്ഥലം സന്ദർശിച്ചതിന് ശേഷമാണ് ഇത് അറിയിച്ചത്. പുതിയ പാലത്തിന്റെ നിർമാണം പൂർത്തീകരിച്ചതിന് ശേഷം നിലവിലെ പാലം അടച്ചിട്ടിട്ടുള്ള അറ്റകുറ്റപണികൾ നടത്തും.

കാലടി പുതിയ സമാന്ദരപാലത്തിന്റെ നിർമ്മാണ പുരോഗതി എം.എൽ.എമാരായ റോജി എം. ജോൺ, എൽദോസ് കുന്നപ്പിള്ളി എന്നിവരുടെ നേതൃത്വത്തിൽ വിലയിരുത്തുന്നു.

നിലവിലെ പാലത്തിന്റെ അറ്റകുറ്റപണികൾക്കായി 1.12 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ പണികൾക്കായി ഏകദേശം ഒന്നര മാസക്കാലം പാലം പൂർണ്ണണായും അടച്ചിടേണ്ടി വരും. ഇത് എം.സി റോഡിലൂടെ യാത്ര ചെയ്യുന്ന ലക്ഷണകണക്കിന് ആളുകൾക്ക് വലിയ ബുദ്ധിമുട്ട് ഉണ്ടാക്കും എന്നത് കൊണ്ട് പുതിയ പാലത്തിന്റെ നിർമ്മാണം എത്രയും വേഗം പൂർത്തീകരിച്ചതിന് ശേഷം നിലവിലെ പാലത്തിന്റെ അറ്റകുറ്റപണികൾ നടത്താനാണ് തീരുമാനം. ഇത് സംബന്ധിച്ച് കഴിഞ്ഞ ദിവസം എം.എൽ.എമാരുടേയും ജില്ലാ കളക്ടറുടേയും സാന്നിധ്യത്തിൽ വിശദമായ യോഗം ചേർന്നിരുന്നു.

എം.എൽ.എ മാരായ റോജി എം ജോൺ, എൽദോസ് കുന്നപ്പിള്ളി എന്നിവരോടൊപ്പം കാലടി പഞ്ചായത്ത് പ്രസിഡന്റ് പൗളി ബേബി, ഒക്കൽ പഞ്ചായത്ത് പ്രസിഡന്റ് പി.കെ. സിന്ധു ടീച്ചർ, ജില്ലാ പഞ്ചായത്ത് കാലടി ഡിവിഷൻ അംഗം അഹല്യ സദാനന്ദൻ, പൊതുമരാമത്ത് വകുപ്പ് പാലം വിഭാഗം അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ സജ്ന, അസി. എഞ്ചിനീയർ സാലി, പൊതുമരാമത്ത് റോഡ്സ് വിഭാഗം അസി. എഞ്ചിനീയർ ഷാഹുൽ ഹമീദ്, മെയിന്റനൻസ് വിഭാഗം അസി. എഞ്ചിനീയർ അബിത ഉൾപ്പെടെ സ്വകാര്യ ബസ് ഉടമാ പ്രതിനിധികളും കരാറുകാരും സ്ഥലം സന്ദർശിച്ചു.

തെരഞ്ഞെടുത്തു

മരട് : നഗരസഭയിലെ വിവിധ സ്റ്റാൻഡിങ് കമ്മിറ്റികളിലേക്കുള്ള ചെയർപേഴ്സൺമാരുടെ തെരഞ്ഞെടുപ്പ് പൂർത്തിയായി. വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ആയി സുനീല സിബിയെയും, ആരോഗ്യകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ആയി മോളി ജെയിംസിനെയും, ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ആയി ടി.കെ. സച്ചിദാനന്ദനെയും, പൊതുമരാമത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ആയി പി.ഡി. രാജേഷിനെയും, വിദ്യാഭ്യാസ-കലാ-കായിക സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ആയി നിഷ ഷിഹാബിനെയും തെരഞ്ഞെടുത്തു. തെരഞ്ഞെടുക്കപ്പെട്ട സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺമാർക്ക് നഗരസഭ ചെയർപേഴ്സൺ അജിതാനന്ദകുമാർ സത്യവാചകം ചൊല്ലിക്കൊടുത്തു. നഗരസഭയുടെ വികസന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി മുന്നോട്ട് കൊണ്ടുപോകുന്നതിന് സ്റ്റാൻഡിങ് കമ്മിറ്റികളുടെ പ്രവർത്തനം നിർണായകമാകുമെന്ന് ചടങ്ങിൽ ചെയർപേഴ്സൺ അഭിപ്രായപ്പെട്ടു.

This is only an Advertisement for the information purpose and not for publication, distribution, or release, directly or indirectly in the United States of America or otherwise outside India. This is not an offer document. All capitalized terms used and not defined herein shall have the meaning assigned to them in the Letter of Offer dated August 29, 2025 ('Letter of Offer') and Corrigendum to the Letter of Offer dated September 04 and September 16, 2025 respectively filed with the stock exchange where the Equity Shares of the Company are presently listed i.e., 'BSE Limited' ('BSE') and Securities and Exchange Board of India ('SEBI').

ECO HOTELS

ECO HOTELS AND RESORTS LIMITED

Corporate Identification Number: L55101KL1987PLC089987;
Registered Office: 67/6446, Basin Road, Cochin, Ernakulam High Court, Ernakulam 682031, Kerala, India.
Corporate Office: Block No 4, Second Floor Raj Mahal Building, Veer Nariman Road, Churchgate, Mumbai, Maharashtra, India, 400020;
Tel: +91 22 44550546; **Email id:** investor.relations@ecohotels.in; **Website:** www.ehrlindia.in
Contact Person: Ms. Heena Supadia, Company Secretary & Compliance Officer

FIRST CALL NOTICE TO THE HOLDERS OF PARTLY PAID-UP EQUITY SHARES OF ECO HOTELS AND RESORTS LIMITED HELD AS ON THE RECORD DATE I.E., THURSDAY, JANUARY 08, 2026

In terms of provisions of the Companies Act, 2013 **('Act')** read with the relevant rules made thereunder, and the Letter of Offer dated August 29, 2025 **('Letter of Offer')**, and Corrigendum to the Letter of Offer dated September 04 and September 16, 2025 respectively the First Call notice has been sent in electronic mode to the holders of partly paid-up equity shares ('Shareholders') whose e-mail addresses are registered with the Company or its Registrar and Share Transfer Agent ('RTA') or Depository Participant(s) as on the record date i.e., January 08, 2026. Further, physical copy of the First Call Notice along with the detailed instructions and ASBA Form have been sent vide permitted modes of dispatch, at the registered addresses of those Shareholders a) who have not registered their e-mail address with the Company or its RTA or Depository Participant(s); or b) who have specifically registered their request for the hard copy of the same. The Company has completed the dispatch on January 10, 2026.
The Rights Issue Committee of the Board of Directors of the Company ('Board'), at its meeting held on January 02, 2026, had fixed Thursday, January 08, 2026, as the record date for the purpose of ascertaining the holders of Rights Equity Shares to whom the First Call notice, would be sent. The Board also at the same meeting had approved making the First Call of ₹3.80/- (Rupees Three & Eighty Paisa Only), (₹2.50 will be adjusted towards Face Value and ₹1.30/- towards the Securities Premium) and fixed the period of First Call from which call money will be payable from Tuesday, January 27, 2026 to Tuesday, February 10, 2026, both days inclusive ('First Call'). The same was intimated to the stock exchanges on January 02, 2026.
Accordingly, the First Call notice has been served as per the details given below:

Payment Period	From	To	Duration
	Tuesday, January 27, 2026	Tuesday, February 10, 2026 (Latest by 5.00 p.m.)	15 Days

Mode of Payment		
	a. Online ASBA	Through the website of the SCSBs[1]
	b. Physical ASBA	By submitting physical application to the Designated Branch of SCSBs[1] [2]
	c. Online	Using the 3-in-1 online trading-demat-bank account wherever offered by brokers

(1) Please visit https://www.sebi.gov.in/sebiweb/other/OtherAction.do?doRecognisedFpi=yes&intmId=35 to refer to the list of existing SCSBs [Self-Certified Syndicate Banks]
(2) Available only to resident shareholders

In accordance with the SEBI circular no. SEBI/HO/CFD/DIL1/CIR/238/2020 dated December 8, 2020, Shareholders can also make the First Call Money payment by using the facility of linked online trading-demat-bank account [3-in-1 type accounts], provided by some of the brokers. Eligible Shareholders must log into their demat account and under the relevant section proceed with the payment for First Call Money of Eco Hotels and Resorts Limited. Eligible Shareholders are requested to check with their respective brokers for exact process to be followed. Eligible Shareholders may please note that this payment method can be used only if the concerned broker has made this facility available to their customer. The Company, Advisor or Registrar to the Issue will not be responsible for non-availability of this payment method to the shareholders.
Shareholders are requested to make the First Call money payment on or before **Tuesday, February 10, 2026.** Please also note the consequences of failure to pay First Call Money, given below:
a. Interest @ 10.00 % (Ten per cent only) p.a. will be payable for delay in payment of First Call beyond **Tuesday, February 10, 2026** till the actual date of payment;
b. The Company shall be entitled to deduct from any dividend payable to you, all sums of money outstanding on account of calls and interest due thereon in relation to the partly paid-up equity shares of the Company; and
c. The partly paid-up Equity Shares of the Company currently held by you, including the amount already paid thereon are liable to be forfeited in accordance with the Articles of Association of the Company and the application form.
Shareholders may also note that:
(i) The ISIN "IN9638N01010" representing partly paid-up equity shares of face value of ₹ 10/- each (₹ 2.50/- paid-up) has been suspended by the Stock Exchange with effect from Thursday, January 08, 2026 on account of the First Call. The process of corporate action for converting the Partly Paid-up Equity Shares of ₹ 10 each (₹ 2.50 paid-up) to Partly Paid-up Equity Shares of ₹ 10 each (₹ 5 paid-up) to the Investors demat accounts under ISIN IN9638N01028, is estimated to be completed within 2 weeks from the last date of payment of the first call money stipulated under this notice
(ii) In case of non- receipt of first call money notice, shareholders can request the Registrar by e-mail or letter, for the duplicate call money notice, or may also download the same from the Company's website www.ehrlindia.in or the Registrar's website www.bigshareonline.com. In such a case, however the shareholder has to fill the DP & Client ID, number of partly paid-up shares held and amount payable towards the first call money.
(iii) All Eligible Shareholders should mention in the Application, his/her PAN number allotted under the Income Tax Act, 1961. Applications without PAN will be considered incomplete and are liable to be rejected.
All correspondence in this regard may be addressed to Registrar to the Issue at below mentioned address:

Bigshare Services Private Limited
Office No S6-2, 6th Floor, Pinnacle Business Park, Next to Ahura Centre, Mahakali Caves Road, Andheri (East) Mumbai– 400093.
Tel No.: +91 22–62638200.
Fax No.: +91–22–62638299.
Website: www.bigshareonline.com
E-mail ID: rightsissue@bigshareonline.com/ investor@bigshareonline.com
Contact Person: Mr. Prabhakar
SEBI Registration No: INR000001385

For Eco Hotels and Resorts Limited
On Behalf of the Board of Directors
Sd/-
Mr. Vinod Kumar Tripathi
Executive Chairman
DIN: 00798632

Date: January 13, 2026
Place: Mumbai, Maharashtra